**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

DHS/11963/2025-EA4 തീയതി. 16-02-2026

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ആരോഗ്യവകുപ്പ്- ജീവനക്കാര്യം - ഡോ മുഹമ്മദ് അഫ്സൽ സി എം (Dr Muhammad Afzal C M) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: 1. ഡോ മുഹമ്മദ് അഫ്സൽ സി എം സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത അപേക്ഷ

2. . സ ഉ (സാധാ) നം 2647/2023/ആകുവ തീയതി 12.10.2023

ഡോ മുഹമ്മദ് അഫ്സൽ സി എം (Dr Muhammad Afzal C M) 23.11.2022 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ഗവ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ 24.11.2022 മുതൽ 09.07.2024 വരെ കെ എസ് ആർ ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം തൃശൂർ ഗവ മെഡിക്കൽ കോളേജിലെ ജൂനിയർ റെസിഡന്റ് (ജനറൽ മെഡിസിൻ) കോഴ്സിന് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടി ശൂന്യവേതനാവധി കാലയളവ് പൂർത്തിയായ മുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് ടിയാൾ അപേക്ഷിച്ചിരുന്നില്ല. പിജി കോഴ്സ് പഠിച്ച് കൊണ്ടിരിക്കെ 09.07.2024 ന് കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ആശുപത്രിയിൽ പോയിരുന്നുവെങ്കിലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് സാധിച്ചിരുന്നില്ലെന്നും സൂപ്പർ സ്പെഷ്യാലിറ്റി ഗ്യാസ്ട്രോ എന്ററോളജി പി ജി കോഴ്സ് 28.12.2023 മുതൽ 27.12.2026 വരെ തുടരുന്നതിനാൽ 09.07.2024 വരെ അനുവദിച്ചിരുന്ന

ശൂന്യവേതനാവധി 27.12.2026 വരെ തുടരാൻ അനുവദിക്കണമെന്നും കാണിച്ചു പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു.

(2). ഡോ മുഹമ്മദ് അഫ്സൽ സി എം (Dr Muhammad Afzal C M) സമർപ്പിച്ച പരാമർശം (2) ലെ അപേക്ഷ വിശദമായി പരിശോധിച്ചു. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കോഴ്സ് കാലയളവിലേയ്ക്കു മാത്രമേ കെ എസ് ആർ ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിർവ്വാഹമുള്ളൂ. ഡോ മുഹമ്മദ് അഫ്സൽ സി എം (Dr Muhammad Afzal C M) 24.11.2022 മുതൽ 09.07.2024 വരെ ജനറൽ മെഡിസിൻ പിജി കോഴ്സിന് ശൂന്യവേതനാവധി അനുവദിച്ചിരിക്കെ വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം ലഭ്യമാക്കാതെയും മേൽ പരാമർശിച്ച ശൂന്യവേതനാവധി റദ്ദാക്കാതെയും കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ DrNB Medical Gastroenterology) കോഴ്സിന് 28.12.2023 ന് പ്രവേശിച്ചതായി കാണുന്നു. ടി കോഴ്സിൽ ചേരുന്നതിന് അവധി അപേക്ഷ സമർപ്പിച്ചിട്ടുമില്ല. ടി സാഹചര്യത്തിൽ 09.07.2024 വരെ അനുവദിച്ചിരുന്ന ശൂന്യവേതനാവധി 27.12.2026 വരെ ദീർഘിപ്പിക്കണമെന്ന ഡോ മുഹമ്മദ് അഫ്സൽ സി എം (Dr Muhammad Afzal C M) സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ പ്രൊബേഷണർ ആയ ഡോ മുഹമ്മദ് അഫ്സൽ സി എം (Dr Muhammad Afzal C M) അസിസ്റ്റന്റ് സർജൻ 10.07.2024 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്നും വിലയിരുത്തുന്നു. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും

ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 16-02-2026
17:09:53

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Muhammad Afzal C M,**

**Darussalam, Kunnariyath,**

**PO Chemnad, Kasaragod- 671317**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്
3. സൂപ്രണ്ട്,
റ്റാറ്റാ ട്രസ്റ്റ് ഗവ ആശുപത്രി കാസർഗോഡ്,
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ